# പെരുങ്കടവിള ബ്ലോക്ക്

## പെരുങ്കടവിള സി.ഡി.എസ്,

### തിരുവനന്തപുരം

## അതിജീവനത്തിന്റെ നാളുകളിലൂടെ.......


ചെയർപേഴ്സൺ : സജിത. പി.എസ്

7994214218

ബ്ലോക്ക് കോ-ഓർഡിനേറ്റർ : സുമിയ.എസ്

8129016079

# ആമുഖം

കോവിഡ് 19 ന്റെ പ്രത്യാഘാതത്തിൽ ലോകമെമ്പാടുമുള്ള ജനതകൾ പേടിച്ച് വിറങ്ങലടിച്ച് നിൽക്കുമ്പോഴും ഈ മഹാമാരിയെ പ്രതിരോധിക്കാനായി കേരള സർക്കാരിനോടൊപ്പം ചേർന്ന് നിന്ന് മികവേറിയ സംഭാവനകൾ കാഴ്ച വയ്ക്കുകയാണ് തിരുവനന്തപുരം ജില്ലയിലെ പെരുങ്കടവിള സി.ഡി.എസിലെ കുടുംബശ്രീ വനിതകൾ. 13 വാർഡുകളിലായി 272 അയൽക്കൂട്ടങ്ങളാണ് നിലവിൽ സി.ഡി.എസിൽ പ്രവർത്തിക്കുന്നത്. ഈ അയൽക്കൂട്ടങ്ങളിലെ ഭൂരിഭാഗം വനിതകളും കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ മികവേറിയ രീതിയിൽ നടപ്പിലാക്കുവാൻ കഴിഞ്ഞ സംതൃപ്തിയിലാണ്.

## 1. കോവിഡ് കാലത്ത് സി.ഡി.എസി ന്റെ നേതൃതൃത്തിൽ നടന്നപ്രവർത്തനങ്ങൾ

ഒരു കുടുംബശ്രീയുടെ പ്രവർത്തനങ്ങൾ എങ്ങനെയാവണം എന്ന് തീരുമാനിക്കുന്നത് ത്രിതല സംഘടന സംവിധാനത്തിന്റെ സഹായത്തോടു കൂടിയാണ്. എന്നിരുന്നാലും മൂന്ന് തലങ്ങൾ തമ്മിലുള്ള ബന്ധം ദൃഢമായത് ഈ ലോക്ക് ഡൗൺ കാലഘട്ടത്തിലാണ്. സി.ഡി.എസ് തലത്തിൽ മാത്രം ചുരുങ്ങി നിന്നിരുന്ന വാട്സ്ആപ്പ് ഗ്രൂപ്പുകൾ എ.ഡി.എസ് തലത്തിലും ഓരോ കുടുംബശ്രീകളിലും പ്രാവർത്തികാമാക്കാൻ സാധിച്ചു. ഓരോ വാർഡുകളിലും എ.ഡി.എസ് ഭരണസമിതി അംഗങ്ങളെയും, കുടുംബശ്രീ ഭാരവാഹികളെയും ഉൾപ്പെടുത്തി വാട്സ്ആപ്പ് ഗ്രൂപ്പുകൾ ആരംഭിക്കുകയും മുകൾത്തട്ടിൽ നിന്നുമുള്ള പ്രധാന അറിയിപ്പുകൾ, പ്രവർത്തനങ്ങൾ എന്നിവ മികച്ച രീതിയിൽ നടപ്പിലാക്കാൻ ഗ്രൂപ്പുകൾ വഴി സാധിച്ചു. കുടുംബശ്രീ ഗ്രൂപ്പുകൾക്ക് ഉപരി ബഡ്സ്/ബി.ആർ.സി അധ്യാപകർ തങ്ങളുടെ സ്കൂളുകളിലെ കുട്ടികളുടെ മാതാപിതാക്കളെ ഉൾപ്പെടുത്തിയുള്ള വാട്സ്ആപ്പ് ഗ്രൂപ്പും, ഡി.എഫ്.കെ സർവ്വെ നടത്തുന്നതിലേക്കായി ആർ.പി മാരെ ഉൾപ്പെടുത്തിയുള്ള വാട്സ്ആപ്പ് ഗ്രൂപ്പും, ബാലസഭ കുട്ടികളുടെ മാതാപിതാക്കളെ ഉൾപ്പെടുത്തിയുള്ള ഗ്രൂപ്പുകളും ആരംഭിക്കുകയുണ്ടായി.

## 2. മൈക്രോ സംരംഭം

2020 മാർച്ച് മാസം 27–ാം തീയതി പെരുങ്കടവിള ഗ്രാമപഞ്ചായത്തിലെ ബി.ആർ.സി കെട്ടിടത്തിൽ പതിനാറ് വാർഡുകളെ ഉൾപ്പെടുത്തി കമ്മ്യൂണിറ്റി കിച്ചൺ പ്രവർത്തനം ആരംഭിച്ചു. നാളിതുവരെ ആറായിരത്തോളം സൗജന്യ ഭക്ഷണ പൊതികൾ വിതരണം ചെയ്തു. കമ്മ്യൂണിറ്റി കിച്ചണിലെ സന്നദ്ധ സേവകർക്ക് ആവശ്യമായ മാസ്ക്കുകൾ തുന്നി വിതരണം ചെയ്യാനും, കുടുംബശ്രീ ജില്ലാ മിഷനിൽ 423 മാസ്ക്കുകൾ നൽകുവാനും സാധിച്ചു എന്നത് മറ്റൊരു നേട്ടമാണ്.









### 3. <u>ലോക്ക് ഡൗൺ കാലത്തെ ക്രിയാത്മകമായ പ്രവർത്തനങ്ങൾ</u>

കോവിഡ് 19 മായി ബന്ധപ്പെട്ട് ബോധവത്ക്കരണം നടത്തുന്നതിലേക്കായി സി.ഡി.എസ് തയ്യാറാക്കിയ അറിപ്പുകൾ വാട്സ്ആപ്പ് ഗ്രൂപ്പ് വഴി തുടർച്ചയായി നൽകുകകയും ഇതിൻപ്രകാരം എല്ലാ കുടുംബശ്രീ അംഗങ്ങളും തങ്ങളുടെ വീടുകളുടെ പടിവാതിൽക്കലും പൊതു ഇടങ്ങളിലും ഓഫീസുകളുടെ മുന്നിലും ഹാന്റ് വാഷ്, സാനിറ്ററൈസർ, വെള്ളം മുതലായവ വെച്ച് **ബ്രേക്ക് ദി ചെയിൻ**

ക്യാമ്പെയിന്റെ ഭാഗമാകുകയും ചെയ്തു. പൊതു ഇടങ്ങളിൽ പഞ്ചായത്തിന്റെ പിൻബലത്തിൽ അണു നശീകരണം നടത്തുവാനും സാധിച്ചു.

**4.സോഷ്യൽ ഡെവലപ്മെന്റ്**

നിരാലബരും നിർദ്ധനരുമായ കുടുംബങ്ങളുടെ സംരക്ഷണം ലക്ഷ്യമിട്ട് സർക്കാർ ആവിഷ്ക്കരിച്ച അഗതി രഹിത കേരളം പദ്ധതിയിലെ 60 വയസ്സിനു മുകളിൽ പ്രായമുള്ള ഗുണഭോക്താക്കൾക്ക് കൂടുതൽ പരിചരണം അത്യാവശ്യമായ ഒരു കാലഘട്ടത്തെ അഭിമുഖീകരിക്കുന്നതിനാൽ അവരുടെ സംരക്ഷണം ഏറ്റെടുക്കുന്നതിനായി സി.ഡി.എസ്. തലത്തിൽ നിന്നും 50 ഗുണഭോക്താക്കൾക്ക് ഒരു സന്നദ്ധസേവകയെ ആർ.പി മാരായി തെരെഞ്ഞെടുത്തു, നാലു ഘട്ട സർവ്വേ പൂർത്തിയാക്കി, ഗുണഭോക്താക്കളുടെ ആവശ്യങ്ങളെ മനസ്സിലാക്കുകയും അതിൻപ്രകാരം ഭക്ഷണം, മരുന്ന് തുടങ്ങിയവ ലഭ്യമാക്കുവാനും സാധിച്ചു. 60 വയസ്സിനു മുകളിൽ പ്രായമുള്ള 201 ഗുണഭോക്താക്കളെയാണ് സർവ്വേ ലിസ്റ്റിൽ ഉൾപ്പെടുത്തിയത്. ഇവരിൽ നാലുപേർക്ക് സി.ഡി.എസിന്റെ ഇടപെടലിലൂടെ മരുന്ന് ലഭ്യമാക്കി. ഈ സർവ്വേയിലൂടെ ക്വാറന്റീനിൽ ഉണ്ടായിരുന്ന ഒരു ഗുണഭോക്താവിനെ കണ്ടെത്തുവാനും അവർക്ക് കൂടുതൽ ശ്രദ്ധ നൽകുവാനും സാധിച്ചു. മാസം തോറും ഗുണഭോക്താക്കൾക്ക് നൽകുന്ന ആശ്രയ കിറ്റുകൾ വിതരണം ചെയ്യാൻ സാധിക്കാത്ത സാഹചര്യത്തിൽ സർക്കാരിന്റെ പൊതുവിതരണ കേന്ദ്രം വഴി ലഭ്യമാക്കുന്ന 1000/- രൂപയുടെ കിറ്റുകൾ ഗുണഭോക്താക്കൾക്ക് കിട്ടുന്നുവെന്നും ഉറപ്പു വരുത്തി.

**5. ബഡ്സ്/ ബി.ആർ.സി. പ്രവർത്തനങ്ങൾ**

ലോക്ക്ഡൗൺ കാലം അതിജീവിക്കുക എന്നത് മാനസ്സിക വെല്ലുവിളികൾ നേരിടുന്ന കുഞ്ഞുങ്ങൾക്കും അവരുടെ മാതാപിതാക്കൾക്കും വലിയൊരു വെല്ലുവിളിയാണ്. പക്ഷേ ഈ അവസ്ഥയിലും അതിജീവിക്കാൻ സാധിച്ചു എന്നത് കുടുംബശ്രീയുടെ വലിയൊരു നേട്ടമാണ്. മുൻകൂട്ടി തയ്യാറാക്കിയ ടാസ്ക്കുകൾ വാട്സ്ആപ്പ് ഗ്രൂപ്പുകളിലൂടെ ടീച്ചർമാർ അയച്ചു നൽകുകയും അതിൻപ്രകാരമുള്ള വീഡിയോകൾ മത്സരമായികണ്ട് ഗ്രൂപ്പുകളിൽ പോസ്റ്റ് ചെയ്തുമൊക്കെയാണ് ഈ വെല്ലുവിളികളെ നേരിട്ടത്.

**6. ബാലസഭ**

കുട്ടികൾ എന്നും നാളെയുടെ പ്രതീക്ഷകളാണ്. കോവിഡ് 19 എന്ന മഹാമാരി നേരിടുന്നതിനുള്ള മാനസ്സിക ശേഷി പകർന്നു നൽകേണ്ടത് അത്യന്താപേക്ഷിതമായതിനാൽ ബാലസഭാ കുട്ടികൾക്ക് ലോക്ക്ഡൗണുമായി ബന്ധപ്പെട്ട് വിവിധയിനം മത്സരങ്ങൾ സംഘടിപ്പിക്കുകയും , കുടുംബശ്രീ, എ.ഡി.എസ്., സിഡി.എസ്. ബ്ലോക്ക് തലത്തിൽ വിജയിച്ച കുട്ടികളിൽ നിന്നും ജില്ലാതലത്തിൽ ഒരാളെ അന്തിമ വിജയിയായി തെരെഞ്ഞെടുക്കുകയും ചെയ്തു.





## 7. മൈക്രോ ഫിനാൻസ്

ലോക്ക്ഡൗൺ കാലത്ത് തൊഴിൽ നഷ്ടമാകുകയും സാമ്പത്തികമായി ബുദ്ധിമുട്ട് അനുഭവിക്കുകയും ചെയ്ത കുടുംബശ്രീ വനിതകൾക്ക് മുഖ്യമന്ത്രിയുടെ സഹായ ഹസ്തം വായ്പാ പദ്ധതി ഒരു കൈത്താങ്ങായി. 272 അയൽക്കൂട്ടങ്ങൾ ഉള്ളതിൽ 235 എണ്ണം ലോണിനായി 234 അപേക്ഷിക്കുകയും കുടുംബശ്രീകളെ തെരെഞ്ഞെടുക്കയും, 8 കുടുംബശ്രീകൾക്ക് 7,70,000 രൂപ ഇതുവരെ ലഭ്യമാക്കുകയും ചെയ്തു





## 8. വിവിധ വകുപ്പുകളുമായി സഹകരിച്ചുള്ള പ്രവർത്തനങ്ങൾ

കോവിഡ് പശ്ചാത്തലത്തിൽ പെരുങ്കടവിള സി.ഡി.എസ്. പഞ്ചായത്തുമായി ചേർന്ന് നിരാലംബർക്ക് ഭക്ഷണം എത്തിക്കുകയും, പി.എച്ച്.സി.യും, അംഗൻവാടി പ്രവർത്തകരും, ആശാവർക്കർമാരും ചേർന്ന് മരുന്നുകൾ വീടുകളിൽ എത്തിച്ചു നൽകുകയും ചെയ്തു. മറ്റു വകുപ്പുകളിൽ നിന്നും കമ്മ്യൂണിറ്റി കിച്ചണിലേയ്ക്ക് ഭക്ഷണം പാകം ചെയ്തു നൽകുന്നതിനാ വശ്യമായ സാധനങ്ങൾ ലഭ്യമാക്കുവാൻ സി.ഡി.എസിന് സാധിച്ചു.

## 9. ജെ. എൽ. ജി.

ലോക്ക്ഡൗൺ കാലം ഓരോ കുടുംബശ്രീ വനികൾക്കും ഉപയോഗപ്രദമാകുന്ന രീതിയിൽ അടുക്കളത്തോട്ടം, മൈക്രോഗ്രീൻ പച്ചക്കറി

കൃഷി, പാചക മത്സരം എന്നിവ സംഘടിപ്പിച്ച് വ്യത്യസ്തമായ ഒരനുഭൂതി സൃഷ്ടിക്കാൻ അവസരം ഒരുക്കി. അരുവിപ്പുറം വാർഡിലെ പ്രകൃതി ജെ.എൽ.ജിയിൽ നിന്നും പച്ചക്കറികൾ സൗജന്യമായി കമ്മ്യൂണിറ്റി കിച്ചണിൽ എത്തിച്ചു നൽകുവാനും സി.ഡി.എസിന് കഴിഞ്ഞു.



**10. നിർദ്ദേശങ്ങൾ**

1. കൂടുതൽ മാസ്ക്കുൾ തുന്നി നൽകും
2. സഹായ ഹസ്തം വായ്പാ പദ്ധതി എല്ലാ അയൽക്കൂട്ടങ്ങളും കൃത്യമായി തിരിച്ചടയ്ത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കും.
3. കൂടുതൽ ജെ.എൽ.ജി. രൂപീകരിച്ച് വിഷരഹിത പച്ചക്കറിയുടെ ലഭ്യത ഉറപ്പുവരുത്തും.
4. ഓരോ കുടുംബശ്രീ അംഗത്തിന്റെ വീട്ടിലും അടുക്കളത്തോട്ടം പ്രോത്സാഹിപ്പിക്കും.
5. പുറത്തിറങ്ങാൻ സാധിക്കാത്ത സാഹചര്യം മുന്നിൽ കണ്ട് ഓരോ കുടുംബശ്രീ പ്രവർത്തകർക്കും വരുമാന വർദ്ധനവിനായി മൈക്രോ സംരംഭം പ്രോത്സാഹിപ്പിക്കും.